**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട** **27/10/2016 ൽ**
**നിയമസഭാ ചോദ്യം നം.*566** **മറുപടിയ്ക്ക്**

## കശുമാവ് കൃഷിക്കായി കേന്ദ്ര സർക്കാരിൽ നിന്നും സഹായം

**ചോദ്യം**
**ശ്രീ.സി.എഫ്.തോമസ്**
**ശ്രീ.റോഷി അഗസ്റ്റിൻ**
**ശ്രീ.മോൻസ് ജോസഫ്**
**ഡോ.എൻ.ജയരാജ്**

**ഉത്തരം**
**മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി )**

| | | |
|---|---|---|
| (എ) | കശുമാവ് കൃഷിക്കായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് എന്തെങ്കിലും സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ? | (എ) 2016 ൽ സംസ്ഥാനത്തെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിച്ച് കശുവണ്ടി വ്യവസായത്തെ രക്ഷിക്കുകയെന്ന ദീർഘവീക്ഷണത്തോടെ സർക്കാർ വിവിധ പദ്ധതികൾ തയ്യാറാക്കി വരുന്നു. കേന്ദ്ര സഹായം ആവശ്യപ്പെട്ട് ഒരു പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. റബ്ബർ തോട്ടങ്ങൾക്ക് നൽകി വരുന്ന പ്രോത്സാഹനം കശുമാവ് കൃഷിയ്ക്കും നൽകി തദ്ദേശീയ തോട്ടണ്ടി ഉല്പാദനം പരിപോഷിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര വാണിജ്യ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ആന്ധ്രാപ്രദേശിൽ 50,000 ഹെക്ടർ സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യുന്നതിനുള്ള 700 കോടിയുടെ ഒരു പ്രൊപ്പോസൽ കേന്ദ്ര കൃഷിമന്ത്രാലയത്തിനു കീഴിലുള്ള ഹോർട്ടികൾച്ചർ മിഷന് സമർപ്പിച്ചിരിക്കുകയാണ്. പ്രൊപ്പോസൽ പ്രകാരം ആദ്യ വർഷം 200 കോടി രൂപയും |

| | |
|---|---|
| | തുടർന്നുള്ള നാല് വർഷങ്ങളിൽ 125 കോടി രൂപ വീതം 500 കോടി രൂപയും അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ